**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3500** **26-10-2021 - ൽ മറുപടിയ്ക്ക്**

**ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അനുവദിച്ച പ്രൊഫസർ പദവി കരസ്ഥമാക്കാൻ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അനുവദിച്ച പ്രൊഫസർ പദവി കരസ്ഥമാക്കുന്നതിന് യു.ജി.സി. അംഗീകൃത ജേർണലുകൾക്ക് പകരം രാഷ്ട്രീയ മാസികകളിലോ ആനുകാലിക പ്രസിദ്ധീകരണങ്ങളിലോ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | യു.ജി.സി റെഗുലേഷൻ 2018-ലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രൊഫസർ പ്ലേസ്മെന്റ് അനുവദിക്കുന്നത് യു.ജി.സി റെഗുലേഷനിൽ നിർദ്ദേശിച്ചിട്ടുള്ള ജേർണലുകളിൽ പ്രസിദ്ധീകരിച്ച പേപ്പറുകൾ പരിഗണിച്ച് മാത്രമേ പ്രൊഫസർ പ്ലേസ്മെന്റ് അനുവദിക്കുകയുള്ളൂ. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രൊഫസർ പദവി കരസ്ഥമാക്കുന്നതിന് രാഷ്ട്രീയ മാസികകളിലെ ആനുകാലിക പ്രസിദ്ധീകരണ ങ്ങളിലോ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഉൾപ്പെടുത്തി പ്ലേസ്മെന്റ് പ്രൊപ്പോസലുകൾ ഇതുവരെ ലഭിച്ചിട്ടില്ല |
| (ബി) | 2019 മുതൽ യു.ജി.സി. കരിമ്പട്ടികയിൽപ്പെടുത്തിയ പബ്ലിഷിംഗ് കോർപറേഷൻ വ്യാജ പ്രസിദ്ധീകരണങ്ങൾ നൽകി തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പത്രമാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ സംഭവങ്ങളിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഇതു സംബന്ധിച്ച പരാതി പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ